(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉന്നത ഗുണനിലവാരമുള്ള റോഡുകൾ, ഇരുവശങ്ങളിലും കോൺക്രീറ്റ് ഓടകൾ, വാഹനയാത്രക്കാരുടെയും കാൽനടയാത്രക്കാരുടെയും സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, പ്രധാന ജംഗ്ഷനുകളിൽ സിഗ്നൽ സംവിധാനങ്ങൾ, ഹൈമാസ്റ്റ് ലൈറ്റുകൾ, ഉന്നതനിലവാരത്തിലുള്ള തെരുവുവിളക്കുകൾ, കാൽനടയാത്രക്കാർക്ക് സുരക്ഷയും സൗകര്യപ്രദവുമായ ഓട് പാകിയ നടപ്പാതകൾ, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പൂൽത്തകിടിയും പൂമേടുകളും, പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തിരുവനന്തപുരം നഗരറോഡു വികസന പദ്ധതി മിക്കവാറും പൂർത്തിയായി. കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് ഭരണാനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കോട്ടയം, കൊല്ലം എന്നീ നഗരങ്ങളിൽ കൂടി നഗര റോഡു വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് നിർമ്മാണം

246(1315) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റോഡിനായി സ്ഥലം ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് പണം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തങ്കളം-കാക്കനാട് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷനുവേണ്ടി 20 കോടി രൂപ അനുവദിക്കുന്നതിനുള്ള ശുപാർശയ്ക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഉടൻ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടാംഘട്ടത്തിൽ അനുവദിച്ച തുക ഭൂമി ഏറ്റെടുത്ത വകയിൽ ഉടമകൾക്ക് നൽകി വരുന്നു. ഇപ്പോൾ അനുവദിച്ച തുകയും നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പാലിച്ച് നിർമ്മാണം പൂർത്തീകരിക്കുന്നതാണ്.

വൺടൈം മെയിന്റനൻസ് പദ്ധതി

247(1316) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കോഴിക്കോട് ഡിവിഷനിലെ ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ വീതം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

2015-16 വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ കോഴിക്കോട് ഡിവിഷനിലെ ഓരോ സെക്ഷൻ ഓഫീസുകൾക്ക് കീഴിലും വൺ ടൈം മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബാലുശ്ശേരി	210 ലക്ഷം
പേരാമ്പ്ര	205 ലക്ഷം
കൊയിലാണ്ടി	340 ലക്ഷം
താമരശ്ശേരി	300 ലക്ഷം
കൊടുവള്ളി	160 ലക്ഷം
നരിക്കുനി	220 ലക്ഷം
തിരുവമ്പാടി	165 ലക്ഷം
വടകര	230 ലക്ഷം
തോടന്നൂർ	155 ലക്ഷം
കുറ്റ്യാടി	413 ലക്ഷം
കുന്ദമംഗലം	270 ലക്ഷം
കോഴിക്കോട് സൗത്ത്	895 ലക്ഷം
കോഴിക്കോട് നോർത്ത്	360 ലക്ഷം
ആകെ	3923 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly